(എഫ്) നാളിതുവരെയായി അംഗങ്ങൾക്ക് മൊത്തമായി 78,333 രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്. ക്ലെയിം തുക ലഭിച്ച ഭരണസമിതി അംഗങ്ങളുടെ വിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്†.

(ജി) വ്യവസ്ഥയില്ല.

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് വായ്പ

111 (2390) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടൻ വള്ളങ്ങളും വലയും വാങ്ങുന്നതിന് മത്സ്യഫെഡിൽ നിന്ന് വായ്പയും സബ്സിഡിയും നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ലോണിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി നൽകുന്നതെന്ന് പറയുമോ ; ഈ വർഷം പ്രസ്തുത ഇനങ്ങളിൽ എന്തുതുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വായ്പ തുകയുടെ 22.5% സബ്സിഡിയായി നൽകുന്നു. ഈ വർഷം നാടൻ വള്ളങ്ങളും വലകളും ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പത്തുകോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മത്സ്യഫെഡിന് നൽകുന്ന സാമ്പത്തിക സഹായം

112 (2391) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് മത്സ്യഫെഡിന് സാമ്പത്തിക സഹായം നൽകാറുണ്ടോ ;

(ബി) എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയാണോ പ്രസ്തുത തുക കൊടുക്കുന്നത് ;

(സി) എങ്കിൽ തുകയുടെ വിനിയോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ മത്സ്യഫെഡ് ഗവൺമെന്റിന് നൽകാറുണ്ടോ ;

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മത്സ്യഫെഡിന് എന്തുതുക കൊടുത്തിട്ടുണ്ട് ;

(എഫ്) ദേശീയ ന്യൂനപക്ഷ കോർപ്പറേഷൻ സംസ്ഥാന മത്സ്യഫെഡിന് സാമ്പത്തിക സഹായം നൽകാറുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ദേശീയ ന്യൂനപക്ഷ കോർപ്പറേഷൻ മത്സ്യഫെഡിന് എന്തുതുക നൽകിയിട്ടുണ്ട് ;

(എച്ച്) പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) നൽകാറുണ്ട്.

(ഡി) ചോദ്യം പ്രസക്തമല്ല.

(ഇ) 42 കോടി 20 ലക്ഷം രൂപ.

(എഫ്) ഉണ്ട്.

(ജി) 2 കോടി രൂപ.

(എച്ച്) പ്രസ്തുത തുക ഉപയോഗിച്ച് താഴെപ്പറയുന്ന സ്വയംതൊഴിൽ പദ്ധതികൾ മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു :

1. ഫിഷിംഗ് ബോട്ട് റിപ്പയറിംഗ് സെന്റർ
2. സിമന്റ് ബ്രിക്സ് യൂണിറ്റ്
3. ഒ.ബി.എം. വർക്ക്ഷോപ്പ്
4. ഫോട്ടോകോപ്പിയർ യൂണിറ്റ്
5. എസ്.ടി.ഡി./പി.സി.ഒ. യൂണിറ്റ്
6. റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്
7. കടമരം യൂണിറ്റ്
8. മറൈൻ പ്ലൈവുഡ് വള്ളം യൂണിറ്റ്
9. ഓട്ടോറിക്ഷ
10. ഫിഷിംഗ് യൂണിറ്റ്
11. മറൈൻ പ്ലൈവുഡ് വള്ളം മാത്രം

LIBRARY ARCHIVES Kerala Legislative Assembly

12. വല മാത്രം
13. മത്സ്യകൃഷി
14. ഓയിസ്റ്റർ കൃഷി
15. അലങ്കാര മത്സ്യകൃഷി
16. ഉണക്ക മത്സ്യയൂണിറ്റ്
17. ഞണ്ട് കൃഷി
18. ചെമ്മീൻ കൃഷി
19. ഔട്ട് ബോർഡ് മോട്ടോർ
20. തൽക്കാൽ പദ്ധതി 50.000 രൂപയ്ക്ക് താഴെ ചെലവുവരുന്ന സ്വയംതൊഴിൽ പദ്ധതികൾ.

മത്സ്യഫെഡിലെ ജീവനക്കാരുടെ ക്രമവിരുദ്ധമായ പ്രൊമോഷൻ

113 (2392) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ ജീവനക്കാരുടെ ക്രമവിരുദ്ധമായ പ്രൊമോഷൻ നടന്നത് സംബന്ധിച്ച് രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചുവോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ നടപടി വൈകുവാനുള്ള കാരണമെന്താണ് ;

(സി) ബഹുമാനപ്പെട്ട മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെ റിപ്പോർട്ടിൽ പരാമർശമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ ;

(ഡി) റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാമെന്ന് ഉറപ്പുനൽകാമോ ?

ഉത്തരം

(എ) മത്സ്യഫെഡിലെ ജീവനക്കാരുടെ ക്രമവിരുദ്ധമായ പ്രൊമോഷൻ/ റെഷ്യോ പ്രൊമോഷൻ തുടങ്ങിയവ സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം സെക്ഷൻ 66 പ്രകാരം രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അനന്തര നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. കോപ്പി താമസിക്കാതെ ലഭ്യമാക്കാം.

(ബി) റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. വിജിലൻസ് അന്വേഷണം ക്രൈംബ്രാഞ്ച് അന്വേഷണം സർവ്വീസ് കാര്യങ്ങളിൽ വകുപ്പുതല അന്വേഷണം എന്നിവ പരിഗണിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly